

# പാദുവാനഗർ സെന്റ് ആന്റണീസ് ഇടവക

പാദുവാനഗർ എന്ന ഐക്കരക്കുന്ന് - ഇരിങ്ങാലക്കുട, നടവരമ്പ്, എടക്കുളം, ചേലൂർ എന്നീ ഇടവകകളാൽ ചുറ്റപ്പെട്ട് സ്ഥിതിചെയ്യുന്ന ഒരു ഗ്രാമപ്രദേശം. ഇരിങ്ങാലക്കുട സെന്റ് ജോർജ്ജ് ഫൊറോനാപള്ളിയുടെ കീഴിൽ 1950 ജനുവരി 1 മുതൽ സെന്റ് ആന്റണീസ് കപ്പേള ഇവിടെയുണ്ടായിരുന്നതിനാൽ വി. അന്തോണീസിനോടുള്ള ഭക്തിപ്രചരിക്കാൻ ഇടയായി. ഇരിങ്ങാലക്കുട പള്ളിയിലെ ദനഹാത്തിരുന്നാളിനോടനുബന്ധിച്ച് (പിണ്ടിപ്പെരുന്നാൾ) ഐക്കരക്കുന്ന് പൂമംഗലം സെന്റ് ആന്റണീസ് സമുദായത്തിന്റെ ആഭിമുഖ്യത്തിൽ കപ്പേളയിൽ നിന്ന് സാഘോഷം വി. സെബസ്ത്യാനോസിന്റെ അമ്പുപ്രദക്ഷിണം നടത്തിയിരുന്നു.

## പ്രാരംഭം

ഞായറാഴ്ച ആചരണവും കൂദാശാസ്വീകരണവും ആത്മീയകാര്യങ്ങളും വേണ്ടവിധം നടത്തുന്നതിന് ഈ പ്രദേശത്ത് ഒരു ദേവാലയം അത്യാവശ്യമാണെന്ന് വിശ്വാസികൾക്ക് ബോധ്യപ്പെട്ടു. 1958-60 ആയപ്പോഴേയ്ക്കും ഈ ആഗ്രഹം വളരെ ശക്തമായി. ഇക്കാര്യം ഇരിങ്ങാലക്കുട ഫൊറോന വികാരിയായിരുന്ന പെ.ബഹു. ആന്റണി തെക്കിനിയത്ത് അച്ചന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ഇക്കാര്യം ഇരിങ്ങാലക്കുട പള്ളിയോഗത്തിൽ അവതരിപ്പിച്ച് അനുകൂലമായ തീരുമാനമെടുക്കുകയും ചെയ്തു. ഐക്കരക്കുന്നിലെ വീട്ടുകാർ സ്ഥലം വാങ്ങിക്കുന്നപക്ഷം പള്ളിപണിക്കുള്ള നടപടികൾ ഇടവകപ്പള്ളിയുടെ നേതൃത്വത്തിൽ ആരംഭിക്കുന്നതാണെന്ന് നിശ്ചയിച്ചു.

സ്ഥലം വാങ്ങുന്നതിനും പള്ളിപണിയുന്നതിനുംവേണ്ടി അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ട് പിതാവിൽ നിന്ന് അനുവാദം ലഭിച്ചതനുസരിച്ച് സ്ഥലം കണ്ടെത്തി. പാറേക്കാട് എന്ന പേരിൽ അറിയപ്പെട്ടിരുന്ന സ്ഥലത്ത് സർവ്വേ നമ്പർ 43, 172 നമ്പറുകളിൽപ്പെട്ട 2 ഏക്കർ 4 സെന്റ് ഭൂമി 22.3.1961-ൽ പൂമംഗലം സെന്റ് ആന്റണീസ് സമുദായത്തിനുവേണ്ടി ഇരിങ്ങാലക്കുട സെന്റ് ജോർജ്ജ് ഫൊറോനപള്ളി വികാരി പെ. ബഹു. ആന്റണി തെക്കിനിയത്ത് അച്ചൻ, സമുദായ കൈക്കാര

ന്മാരായ, തട്ടിൽ ദേവസ്സി ജോസഫ്, കുന്നത്തുപറമ്പിൽ തോമൻ ഈനാശു എന്നിവരുടെ പേരിൽ തീറ് വാങ്ങിച്ചു. ഇപ്രകാരം സ്ഥലം തയ്യാറായെങ്കിലും പള്ളി പണിയാനുള്ള നടപടികൾ മന്ദീഭവിച്ചു.

## ദൈവാലയ നിർമ്മാണം

പിന്നീട് പെ. ബഹു. ജേക്കബ് ചൊവ്വല്ലൂരച്ചൻ ഇരിങ്ങാലക്കുട ഫൊറാന വികാരിയായിരിക്കെ 1974 ഡിസംബർ 10-ന് അഭിവന്ദ്യ ജോസഫ് കുണ്ടുകുളം പിതാവ് പള്ളിയുടെ ശിലാസ്ഥാപനം നടത്തി. പള്ളിയുടെ പണി ഗണ്യമായി പുരോഗമിച്ചു. ഇതിനിടെ പെ. ബഹു. ജേക്കബ് ചൊവ്വല്ലൂരച്ചന്റെ സ്ഥലംമാറ്റ ഉത്തരവ് വന്നു. സ്ഥലംമാറ്റത്തിന് മുമ്പായി പള്ളി വെഞ്ചിരിപ്പ് നടത്തണമെന്ന് ജനം ആഗ്രഹിച്ചു. അതിനാൽ പള്ളിയുടെ പുറംപണികൾ നിർത്തിവച്ച് ഉൾഭാഗത്തെ പണികൾ ത്വരിതപ്പെടുത്തി വെഞ്ചിരിപ്പിന് തയ്യാറാക്കി; തിയ്യതി നിശ്ചയിച്ചു. 1976 ജനുവരി 26-ാം തിയ്യതി അഭിവന്ദ്യ ജോസഫ് കുണ്ടുകുളം പിതാവ് ഐക്കരക്കുന്ന് സെന്റ് ആന്റണീസ് പള്ളി വെഞ്ചരിച്ച് വി. കുർബാനയർപ്പിച്ചു. കുറേ വർഷങ്ങൾക്കുശേഷം അന്നത്തെ വികാരി ബഹു. ജോസ് അരീക്കാട്ടച്ചന്റെ നേതൃത്വത്തിൽ നവീകരിച്ച ദൈവാലയം 2004 ജനുവരി 24-ന് അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് വെഞ്ചിരിച്ച് ഇടവകജനത്തിനായി നൽകി.

## സിമിത്തേരി


സെന്റ് ആന്റണീസ് കപ്പേള

സിമിത്തേരിക്കു വേണ്ടിയും പള്ളിക്ക് മുതൽക്കൂട്ടായും ആകെ 3 ഏക്കർ 81 സെന്റ് സ്ഥലം 1974-ൽ വാങ്ങി. അപേക്ഷപ്രകാരം സിമിത്തേരി നിർമ്മിക്കുന്നതിന് തൃശ്ശൂർ കളക്ടർ ശ്രീ. കെ.എസ്. നായർ 31.1.1975-ൽ അനുവാദം നല്കി. പള്ളി വെഞ്ചരിപ്പിനെ തുടർന്ന് അന്നുതന്നെ സിമിത്തേരിയും അഭിവന്ദ്യ പിതാവ് ആശീർവദിച്ചു.

## ഇടവക

ഇരിങ്ങാലക്കുട രൂപത സ്ഥാപിതമായതിനുശേഷം പാദുവാനഗർ (ഐക്കരക്കുന്ന്) പള്ളി ഒരു സ്വതന്ത്ര ഇടവകയാകേണ്ടതിന്റെ ആവശ്യകത അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇരിങ്ങാലക്കുട, നടവരമ്പ്, എടക്കുളം, ചേലൂർ എന്നീ ഇടവകകളിൽ നിന്ന് 111 കുടുംബങ്ങൾ ഉൾപ്പെടുന്ന, നിശ്ചിത അതിർത്തികളോടുകൂടി പാദുവാനഗർ സെന്റ് ആന്റണീസ് ഇടവക രൂപംകൊണ്ടു. ഇടവക രൂപീകരണത്തിന് മുമ്പുള്ള കാലഘട്ടത്തിൽ പള്ളിയുടെ സ്ഥലനാമത്തെപ്പറ്റി ജനങ്ങളിൽ അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്നു. പെ. ബഹു. തോമസ് വാഴപ്പിള്ളിയച്ചൻ വികാരിയായിരുന്ന കാലഘട്ടത്തിൽ ഈ പ്രശ്നം പരിഹരിക്കാൻ അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം "പാദുവാനഗർ സെന്റ് ആന്റണീസ് പള്ളി" എന്ന പേര് ഏകകണ്ഠമായി അംഗീകരിച്ചു. 10.10.1982-ൽ മാർ ജെയിംസ് പഴയാറ്റിൽ പിതാവാണ് സമൂഹബലിമധ്യേ ഇടവക പ്രഖ്യാപനം നടത്തിയത്. അക്കാലത്തെ കത്തീഡ്രൽ വികാരിയായിരുന്ന പെ. ബഹു. ജോൺ വാഴപ്പിള്ളിയച്ചനാണ് സ്വതന്ത്ര ഇടവകയുടെ പ്രഥമ വികാരി.

## വൈദികമന്ദിരം

സ്വതന്ത്ര ഇടവകയായെങ്കിലും ഇവിടെ വികാരിമാർ താമസിച്ചിരുന്നില്ല. പള്ളിപണിയോടൊപ്പം വൈദികമന്ദിരത്തിന്റെ പണി ആരംഭിച്ചെങ്കിലും പിന്നീട് പ്രത്യേക സാഹചര്യത്തിൽ നിർത്തിവച്ചിരുന്നു. 1988-ൽ എടക്കുളം പള്ളിയിൽ നിന്ന് ബഹു. ജോണി മേനാച്ചേരിയച്ചൻ ഇവിടെ വികാരിയായി നടത്തിയിരുന്ന കാലഘട്ടത്തിലാണ് വൈദികമന്ദിരത്തിന്റെ പണി പുനരാരംഭിച്ചത്. എന്നാൽ സ്ഥലംമാറ്റത്തെതുടർന്ന് വികാരിയായി വന്ന ബഹു. വർഗ്ഗീസ് പാത്താടനച്ചന്റെ കാലത്താണ് പണി പൂർത്തിയാക്കിയതും 28.4.1991-ൽ അഭിവന്ദ്യ പിതാവ് വെഞ്ചിരിച്ചതും. അതോടൊപ്പം പള്ളിയുടെ പുറംപണികൾ പൂർത്തീകരിച്ചു. 20.1.1992-ൽ ഊക്കൻ കുരിയാക്കോസ് ദാനമായി നല്കിയ സ്ഥലത്താണ് പള്ളിയ്ക്കു മുമ്പിലെ കപ്പേള പണിതത്.

## സ്ഥിരവാസമുള്ള വികാരി

27.1.1993-ൽ ബഹു. ഡോ. വർഗ്ഗീസ് പാലത്തിങ്കൽ ആദ്യത്തെ സ്ഥിരതാമസമുള്ള വികാരിയായി ചാർജ്ജെടുത്തു. അദ്ദേഹം തുടങ്ങിവച്ച മതബോധന



മതബോധന ഹാൾ

ഹാളിന്റെ പണി പൂർത്തിയായത് ബഹു. വിൻസെന്റ് പാറയിലച്ചന്റെ കാലഘട്ടത്തിലാണ്. തുടർന്ന് വന്ന ബഹു. ജോർജ്ജ് പാലമറ്റം അച്ചൻ സിമിത്തേരിയിലെ കപ്പേള നിർമ്മാണത്തിന് നേതൃത്വം നൽകി.

## ജൂബിലി സ്മാരകം

ഇടവക പ്രഖ്യാപനത്തിന്റെ രജതജൂബിലി വിപുലമായ പരിപാടികളോടുകൂടിയാണ് ആഘോഷിച്ചത്. അതിനോടനുബന്ധിച്ച് 2006 ക്രിസ്തുമസ് മുതൽ "പാദുവീയം" പാരിഷ് ബുള്ളറ്റിൻ അർദ്ധവർഷ പ്രസിദ്ധീകരണമായി ആരംഭിച്ചു. നിലവിലുണ്ടായിരുന്ന വൈദിക മന്ദിരവും ചെറിയ ഹാൾ പൊളിച്ചുനീക്കി സൗകര്യപ്രദമായ രജതജൂബിലി സ്മാരകം (ഇടവകകാര്യാലയം) നിർമ്മിച്ചത് ബഹു. ജെയ്സൻ കരിപ്പായിയച്ചൻ വികാരിയായിരിക്കുമ്പോഴാണ്. വെഞ്ചിരിപ്പുകർമ്മം 13.6.2007-ൽ അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് നിർവ്വഹിച്ചു. ഇറ്റലിയിലെ പാദുവയിൽ നിന്ന് കൊണ്ടുവന്ന വി. അന്തോണീസിന്റെ തിരുശേഷിപ്പ് അന്നു തന്നെ അഭിവന്ദ്യപിതാവ് ദൈവാലയത്തിൽ പ്രതിഷ്ഠിക്കുകയുണ്ടായി.



രജത ജൂബിലി സ്മാരകമന്ദിരം

ഇടവകയിലെ 4 കുടുംബയൂണിറ്റുകളിലായി ആകെ 183 കുടുംബങ്ങളാണ് ഇടവകയിലുള്ളത്. 21 അംഗ പ്രതിനിധിയോഗവും കാൽവരി, നസ്രത്ത്, ജെറുസലെം, ബെത്‌ലഹെം എന്നീ കുടുംബയൂണിറ്റുകളും പ്രവർത്തിക്കുന്നു.



പാദുവാനഗർ പഴയ പള്ളി



1950 - ൽ നിലവിലുണ്ടായിരുന്ന സെന്റ് ആന്റണീസ് കപ്പേള പുതുക്കിപണിതത്